# പതിനാലാം കേരള നിയമസഭ
## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ. 145

11/08/2017 – ൽ മറുപടിക്ക്

## കുടുംബശ്രീയെ ശാക്തീകരിക്കുന്നതിനായി പദ്ധതികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ഐ.ബി.സതീഷ്<br>ശ്രീമതി വീണാ ജോർജ്ജ്<br>ശ്രീ.വി.കെ.സി.മമ്മത് കോയ<br>ശ്രീ.പി.കെ.ശശി | ഡോ.കെ.ടി.ജലീൽ<br>(തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷ ക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി) |
| (എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കുടുംബശ്രീയെ ശാക്തീകരിക്കുന്നതിനായി എന്തെല്ലാം പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | (എ) കുടുംബശ്രീ സംഘടനാ സംവിധാനം ശക്തിപ്പെടുത്തുന്നതിലേയ്ക്കുള്ള 'ദിശ 2017' ക്യാമ്പെയിന്റെ ഭാഗമായുള്ള പ്രത്യേക അയൽക്കൂട്ട രൂപീകരണത്തിൽ വയോജനം, ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർ, ട്രാൻസ് ജെന്റർ, അന്യസംസ്ഥാന തൊഴിലാളികൾ എന്നിങ്ങനെയുള്ള പാർശ്വവൽക്കരിക്കപ്പെട്ട വിഭാഗങ്ങളെ ഉൾക്കൊള്ളിച്ച് പ്രത്യേക അയൽക്കൂട്ടങ്ങൾ രൂപീകരിച്ചു. ഇപ്രകാരം രൂപീകരിച്ച പ്രത്യേക അയൽക്കൂട്ടങ്ങൾക്ക് കോർപ്പസ് ഫണ്ട് നൽകുന്നതിനായി 4.50 കോടി രൂപ ഈ വർഷം വകയിരുത്തിയിട്ടുണ്ട്.<br><br>കുടുംബശ്രീ സംഘടനാ ശാക്തീകരണത്തിന്റെയും തദ്ദേശ സ്വയംഭരണ സ്ഥാപനവുമായുള്ള സംയോജനം ശക്തിപ്പെടുത്തുന്നതിന്റെയും ഭാഗമായി തദ്ദേശ സ്വയംഭരണ സ്ഥാപന അദ്ധ്യക്ഷന്മാർ, ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ/ചെയർമാൻ, സിഡിഎസ് ചെയർപേഴ്സൺ, മെമ്പർ സെക്രട്ടറി എന്നിവർക്ക് ഒരുമിച്ച് ദ്വിദിന പരിശീലനം ജില്ലാ അടിസ്ഥാനത്തിൽ 2017 ജൂലൈ 25 മുതൽ സംഘടിപ്പിച്ചു വരുന്നു. സിഡിഎസ് ചെയർപേഴ്സൺമാർ, സബ് കമ്മിറ്റി അംഗങ്ങൾ, എഡിഎസ് ഭാരവാഹികൾ എന്നിവർക്ക് കുടുംബശ്രീ സംഘടനാ ശാക്തീകരണ പരിശീലനം സംഘടിപ്പിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| ബി) | പാർശ്വവൽക്കരിക്കപ്പെട്ട വിഭാഗങ്ങളെ കുടുംബശ്രീയുടെ ഭാഗമാക്കുന്നതിന്റെ ഭാഗമായി, വയോജനങ്ങളുടെയും ഭിന്നശേഷിയുള്ളവരുടെയും ട്രാൻസ്ജൻഡർ വിഭാഗക്കാരുടെയും അയൽക്കൂട്ടങ്ങൾ രൂപീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ; | (ബി) | ഉണ്ട്; പ്രത്യേക അയൽക്കൂട്ടങ്ങളുടെ ജില്ല തിരിച്ചുള്ള വിശദാംശം അനുബന്ധമായി ചേർക്കുന്നു. |
| (സി) | ഇതിന്റെ ഭാഗമായി ഇതരസംസ്ഥാന തൊഴിലാളികളുടെ അയൽക്കൂട്ടങ്ങൾ രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; | (സി) | ഇതര സംസ്ഥാന തൊഴിലാളികളുടെ അയൽക്കൂട്ടങ്ങൾ രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ട്. ഇതിനകം എറണാകുളം ജില്ലയിൽ ഇതര സംസ്ഥാന തൊഴിലാളികളുടെ രണ്ട് അയൽക്കൂട്ടവും മലപ്പുറം, ഇടുക്കി എന്നീ ജില്ലകളിൽ ഓരോ അയൽക്കൂട്ടം വീതവും രൂപീകരിച്ചിട്ടുണ്ട്. |
| (ഡി) | കുടുംബശ്രീ ഉത്പന്നങ്ങളുടെ വിപണനം ശക്തിപ്പെടുത്തുന്നതിനായി എല്ലാ ജില്ലകളിലും കുടുംബശ്രീ ബസാർ ആരംഭിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കുമോ? | (ഡി) | ഉണ്ട്; ജില്ലകളിൽ കുടുംബശ്രീ ബസാർ ആരംഭിക്കുന്നതിനുള്ള പ്രാരംഭഘട്ട പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. കുടുംബശ്രീ ബസാറിനു വേണ്ടി 3.50 കോടി രൂപയാണ് വകയിരുത്തിയിട്ടുള്ളത് (ഒരു ബസാറിന് 25 ലക്ഷം രൂപാ വീതം). |

സെക്ഷൻ ഓഫീസർ

# അനുബന്ധം

| ക്രമ നം. | ജില്ല | വയോജന പ്രത്യേക അയൽക്കൂട്ടങ്ങളുടെ എണ്ണം (30/6/2016-വരെ) | ശാരീരിക-മാനസിക വെല്ലുവിളി നേരിടുന്നവരുടെ പ്രത്യേക അയൽക്കൂട്ടങ്ങളുടെ എണ്ണം (30/6/2016-വരെ) | ട്രാൻസ്ജെന്റർ പ്രത്യേക അയൽക്കൂട്ടങ്ങളുടെ എണ്ണം (30/6/2016-വരെ) |
|---|---|---|---|---|
| 1. | തിരുവനന്തപുരം | 50 | 5 | 3 |
| 2. | കൊല്ലം | 134 | 69 | 2 |
| 3. | പത്തനംതിട്ട | 124 | 25 | 1 |
| 4. | ആലപ്പുഴ | 131 | 0 | 0 |
| 5. | കോട്ടയം | 160 | 22 | 1 |
| 6. | ഇടുക്കി | 57 | 54 | 0 |
| 7. | എറണാകുളം | 121 | 5 | 2 |
| 8. | തൃശൂർ | 248 | 25 | 1 |
| 9. | പാലക്കാട് | 110 | 11 | 0 |
| 10. | മലപ്പുറം | 80 | 163 | 2 |
| 11. | കോഴിക്കോട് | 110 | 4 | 3 |
| 12. | വയനാട് | 32 | 139 | 3 |
| 13. | കണ്ണൂർ | 266 | 44 | 1 |
| 14. | കാസർഗോഡ് | 97 | 14 | 1 |
| ആകെ | | 1720 | 580 | 20 |

സെക്ഷൻ ഓഫീസർ